**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5277** | **21-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ.കെ.രമ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന ആവശ്യപ്പെട്ട് ഗവർണ്ണർക്ക് നൽകിയ അപേക്ഷ തള്ളിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഗവർണ്ണർക്ക് നൽകിയ അപേക്ഷ, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനും, ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയ്ക്കും അനുസൃതമല്ല എന്നറിയിച്ചു കൊണ്ടാണ് ഗവർണ്ണർ തിരിച്ചയച്ചത്. |
| (ബി) | പ്രസ്തുത അപേക്ഷ തള്ളാനുണ്ടായ സാഹചര്യം ചാൻസലർ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഗവർണ്ണർക്ക് നൽകിയ അപേക്ഷ, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനും, ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയ്ക്കും അനുസൃതമല്ല എന്നറിയിച്ചു കൊണ്ടാണ് ഗവർണ്ണർ തിരിച്ചയച്ചത്. |
| (സി) | ചാൻസലർ നടത്തേണ്ട നാമനിർദ്ദേശങ്ങൾ സർവ്വകലാശാല നടത്തുന്നതിന് നിയമപരമായ പിൻബലമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കണ്ണൂർ സർവകലാശാല ആക്റ്റ് (1996) ലെയും കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-ലെയും, പഠന ബോർഡുകളുമായി ബന്ധപ്പെട്ട ചട്ടങ്ങളിലെ വൈരുദ്ധ്യം സംബന്ധിച്ച് സർവ്വകലാശാലാ സ്റ്റാന്റിംഗ് കൗൺസിൽ നൽകിയ നിയമോപദേശ പ്രകാരമാണ് സർവ്വകലാശാല നാമനിർദ്ദേശങ്ങൾ നടത്തിയത്. |

സെക്ഷൻ ഓഫീസർ